ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06-03-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പശ്ചിമേഷ്യൻ സാഹചര്യം ഉൾപ്പെടെയുള്ള ആഗോളപ്രശ്നങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫിൻലാൻഡ് പ്രസിഡന്റ് അലക്സാണ്ടർ സ്റ്റബ്ബും ചർച്ചചെയ്തു.

   **Prime Minister Narendra Modi and Finland President Alexander Stubb discussed global issues, including the situation in West Asia.**

2. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ രണ്ട് ദിവസത്തെ പശ്ചിമ ബംഗാൾ സന്ദർശനത്തിന് ഇന്ന് തുടക്കമാകും.

   **The two-day visit of President Droupadi Murmu to West Bengal will begin today.**

3. പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷം. ഇറാനെതിരെ അമേരിക്കയും ഇസ്രയേലും സംയുക്ത വ്യോമാക്രമണം തുടരുന്നു. മേഖലയിൽ നാളെ മുതൽ ഈ മാസം 11 വരെ നടത്താനിരുന്ന പത്താം ക്ലാസ് പരീക്ഷ റദ്ദാക്കി സിബിഎസ്ഇ.

   **Tensions have escalated in West Asia. The United States and Israel are continuing joint airstrikes against Iran. The CBSE has cancelled the Class 10 examination that was scheduled to be held in the region from tomorrow until the 11th of this month.**

4. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൻറെ 'വി ബി ജി റാം ജി യുവ ഡിജിറ്റൽ കാമ്പയിന്' ഇന്ന് തുടക്കമാകും.

   **The Ministry of Rural Development in collaboration with MY Bharat will launch a nationwide digital campaign titled VB-G RAM G Youth Digital Campaign from today.**

5. കേരളത്തിൻറെ സ്വപ്നപദ്ധതിയായ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ ഫസ്റ്റ് ബ്ലാസ്റ്റിൻറെ സ്വിച്ച് ഓൺ മുഖ്യമന്ത്രി ഇന്ന് നിർവ്വഹിക്കും.

   **The Chief Minister of Kerala will today switch on the first blast of the Anakkampoyil–Kalladi–Meppadi tunnel road, a dream project of State.**

6. ഐസിസി ടി–20 ക്രിക്കറ്റ് ലോകകപ്പിൽ ഇംഗ്ലണ്ടിനെ സെമിയിൽ തകർത്ത് ഇന്ത്യ ഫൈനലിൽ. സഞ്ജു സാംസൺ കളിയിലെ താരം.

**In the ICC Men's T20 Cricket World Cup, India stormed into the final defeating England by 7 runs in the second Semi-final. Sanju Samson became Player of the Match.**

****************************************

## Raisina Dialogue

റെയ്സിന ഡയലോഗിൻറെ 11 ആം പതിപ്പിന് ന്യൂഡൽഹിയിൽ തുടക്കമായി. ഔദ്യോഗിക ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു. ആഗോള തലത്തിൽ നിലനിൽക്കുന്ന ഭൗമരാഷ്ട്രീയ പ്രശ്നങ്ങളും, സാമ്പത്തിക വെല്ലുവിളികളും മൂന്ന് ദിവസത്തെ റെയ്സിന ഡയലോഗ് ചർച്ച ചെയ്യും. 110 രാജ്യങ്ങളിൽ നിന്നുള്ള നേതാക്കളും, പ്രതിനിധികളും പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

****************************************

## PM – FINLAND (INTRO)

ഇന്ത്യ സന്ദർശിക്കുന്ന ഫിൻലാൻഡ് പ്രസിഡന്റ് അലക്സാണ്ടർ സ്റ്റബ്ബുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. പശ്ചിമേഷ്യൻ സാഹചര്യവും ഉക്രെയ്ൻ സംഘർഷവും ഉൾപ്പെടെ ആഗോളപ്രശ്നങ്ങളും, പരസ്പര താൽപ്പര്യമുള്ള വിഷയങ്ങളും ഇരു നേതാക്കളും ചർച്ചചെയ്തു. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള സ്വതന്ത്രവ്യാപാര ഉടമ്പടി ഫിൻലൻഡുമായി വിവിധ രംഗങ്ങളിലെ സഹകരണം ശക്തിപ്പെടുത്തിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

**(വോയ്സ്.. പിഎം..)**

നവീന സാങ്കേതികവിദ്യകളിൽ സഹകരണം മെച്ചപ്പെടുത്തുന്നതിനായി സംയുക്ത വർക്കിംഗ് ഗ്രൂപ്പ് സ്ഥാപിച്ചിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രാലയ സെക്രട്ടറി സിബി ജോർജ് പറഞ്ഞു. കുടിയേറ്റം, സഞ്ചാരപങ്കാളിത്തം സംബന്ധിച്ച ധാരണാപത്രത്തിലും ഇരുരാജ്യങ്ങളും ഒപ്പുവച്ചു.

****************************************

## PRESIDENT – WB VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ രണ്ട് ദിവസത്തെ പശ്ചിമ ബംഗാൾ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് ഡാർജിലിംഗിൽ നടക്കുന്ന 'ഡാർജിലിംഗ് ഹിൽ ഫെസ്റ്റിവൽ' ഉദ്ഘാടനം ചെയ്യുന്ന രാഷ്ട്രപതി, ലോക് ഭവനിൽ 'റൂട്ട് ആൻഡ് റിഥംസ്' എന്ന പ്രദർശനത്തിൻറെ ഉദ്ഘാടനവും നിർവ്വഹിക്കും. ഐഐടി ഖരഗ്പൂരിൽ സംഘടിപ്പിക്കുന്ന വനിതാ നേതൃത്വത്തെയും ശാക്തീകരണത്തെയും കുറിച്ചുള്ള 'പ്ലാറ്റിനം ജൂബിലി ഫ്ലാഗ്ഷിപ്പ് പ്രോഗ്രാ'മും രാഷ്ട്രപതി വെർച്വലായി ഉദ്ഘാടനം ചെയ്യും. ഒമ്പതാമത് അന്താരാഷ്ട്ര സാന്താൾ സമ്മേളനത്തിൽ രാഷ്ട്രപതി നാളെ മുഖ്യാതിഥിയാകും.

*****************************************

## RAJYASABHA

രാജ്യത്തെ 10 സംസ്ഥാനങ്ങളിൽ ഒഴിവ് വന്ന 37 രാജ്യസഭാ സീറ്റുകളിലേക്ക് നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടക്കും. ബിഹാർ മുഖ്യമന്ത്രിയും ജെഡിയു നേതാവുമായ നിതീഷ് കുമാർ, ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ, മുതിർന്ന കോൺഗ്രസ് നേതാവ് മനു അഭിഷേക് സിംഗ് വി തുടങ്ങിയ പ്രമുഖർ നാമനിർദ്ദേശ പത്രിക സമർപ്പിച്ചിട്ടുണ്ട്. മാർച്ച് 16-ന് നടക്കുന്ന തെരഞ്ഞെടുപ്പിൻറെ ഫലപ്രഖ്യാപനവും അന്നേ ദിവസം തന്നെ ഉണ്ടാവും.

*****************************************

## WEST ASIA CONFLICT (INTRO)

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി. ഇറാനെതിരെ അമേരിക്കയും ഇസ്രയേലും സംയുക്ത വ്യോമാക്രമണം തുടരുമ്പോൾ, ഇറാൻ മിസൈലുകളും ഡ്രോണുകളും ഉപയോഗിച്ച് തിരിച്ചടി ശക്തമാക്കി. സാഹചര്യം പ്രാദേശിക സ്ഥിരതയ്ക്കും ആഗോള സുരക്ഷയ്ക്കും ഭീഷണിയാണെന്ന് ലോകരാജ്യങ്ങൾ ആശങ്ക പ്രകടിപ്പിച്ചു.

**വിശദാംശങ്ങളിലേക്ക്.....**
**(വോയ്സ്...)**

യുഎസ്–ഇസ്രയേൽ സൈനിക നടപടിക്കു തിരിച്ചടിയായി മേഖലയിലെ മറ്റ് രാജ്യങ്ങളിൽ അമേരിക്കൻ സൈനിക താവളങ്ങൾ ലക്ഷ്യമിട്ട് ഇറാൻ ആക്രമണം തുടരുകയാണ്. ഇന്നലെ ബഹ്റൈനിലെ സർക്കാർ എണ്ണശുദ്ധീകരണശാലയിൽ മിസൈൽ പതിച്ചു. കുവൈത്ത്, യുഎഇ എന്നിവിടങ്ങളിലും ആക്രമണം നടത്തി. അസർബൈജാനിൽ നടന്ന ഡ്രോൺ ആക്രമണങ്ങളിൽ രണ്ടുപേർക്ക് പരിക്കേറ്റു. ഇറാന്റെ മിസൈലുകളെ തങ്ങളുടെ വ്യോമപ്രതിരോധ സംവിധാനം സജീവമായി തടയുന്നുണ്ടെന്നു ഖത്തറും സൗദി അറേബ്യയും അറിയിച്ചു. അതേസമയം, ലെബനനിൽ, ഇസ്രയേലും ഹിസ്ബുള്ളയും തമ്മിലുള്ള ഏറ്റുമുട്ടലിൽ നൂറിലേറെ പേർ കൊല്ലപ്പെട്ടു. ഇറാനെതിരായ നടപടി അടുത്ത ഘട്ടത്തിലേക്ക് നീങ്ങുകയാണെന്ന് ഇസ്രയേൽ പ്രതിരോധസേനാ മേധാവി പ്രഖ്യാപിച്ചു. ദ്രുതഗതിയിൽ സൈനികവിജയം ഉറപ്പാക്കുന്നതിൽ അമേരിക്ക പരാജയപ്പെട്ടെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി പ്രതികരിച്ചു. സുരക്ഷാ ആശങ്ക കാരണം ലോകാരോഗ്യ സംഘടന ദുബായിലെ അടിയന്തര ലോജിസ്റ്റിക്സ് ഹബ്ബിൻറെ പ്രവർത്തനം നിർത്തി. കുവൈത്തിലെ യുഎസ് എംബസി അടച്ചു. ഖത്തറിലേക്ക് നാല് അധിക ടൈഫൂൺ യുദ്ധവിമാനങ്ങൾ വിന്യസിക്കുമെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാർമർ അറിയിച്ചു. അതിനിടെ, ഇറാന്റെ അടുത്ത പരമോന്നത നേതാവിനെ തിരഞ്ഞെടുക്കുന്നതിൽ താൻ വ്യക്തിപരമായി ഇടപെടുമെന്നും, കൊല്ലപ്പെട്ട ആയത്തുള്ള അലി ഖമനേയിയുടെ മകൻ മൊജ്തബ ഖമനേയി സ്വീകാര്യനല്ലെന്നും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പറഞ്ഞു.
**ന്യൂസ് ഡെസ്ക് ആകാശവാണി...**

*****************************************

## CIVIL AVIATION – FLIGHT CANCELLATION

പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് വ്യോമയാന മന്ത്രാലയം. ഇന്ത്യൻ

വിമാനക്കമ്പനികളുടെ 281 വിമാന സർവീസുകൾ ഇന്നലെ റദ്ദാക്കിയതായും മന്ത്രാലയം അറിയിച്ചു. സഹായത്തിനായി യാത്രക്കാർക്ക് 011- 246 042 83, 011- 246 32 987 എന്നീ ഹെൽപ്പ്ലൈൻ നമ്പറുകളിൽ ബന്ധപ്പെടാം.

****************************************

## CBSE-EXAM CANCELLED

പശ്ചിമേഷ്യൻ മേഖലയിൽ സിബിഎസ്ഇ നാളെ മുതൽ ഈ മാസം 11 വരെ നടത്താനിരുന്ന പത്താം ക്ലാസ് പരീക്ഷ റദ്ദാക്കി. നേരത്തെ മാറ്റിവെച്ച 2, 5, 6 തീയതികളിലെ പരീക്ഷകളും റദ്ദാക്കിയിട്ടുണ്ട്. പത്താം ക്ലാസ് പരീക്ഷ ഫല പ്രഖ്യാപനം സംബന്ധിച്ച തീരുമാനം പിന്നീട് അറിയിക്കും. അതേസമയം, നാളത്തെ 12-ാം ക്ലാസ് പരീക്ഷ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് പ്രഖ്യാപിക്കും.

****************************************

## GOVERNOR APPOINTMENT

വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഗവർണർമാരെ നിയമിക്കാനുള്ള ഉത്തരവിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഒപ്പു വച്ചു. പശ്ചിമ ബംഗാൾ ഗവർണർ സി.വി. ആനന്ദ ബോസിന്റെ രാജിയും രാഷ്ട്രപതി അംഗീകരിച്ചു. തമിഴ്നാട് ഗവർണർ ആർ.എൻ. രവിയെ പശ്ചിമ ബംഗാൾ ഗവർണറാക്കി. കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ തമിഴ്നാട് ഗവർണറുടെ ചുമതലകൾ നിർവഹിക്കും. ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേനയെ ലഡാക്കിന്റെ ലെഫ്റ്റനന്റ് ഗവർണറായി നിയമിച്ചു.

****************************************

## T20 WORLD CUP (INTRO)

ഐസിസി ടി–20 ക്രിക്കറ്റ് ലോകകപ്പിൽ, ഇംഗ്ലണ്ടിനെ കീഴടക്കി ഇന്ത്യ ഫൈനലിൽ. മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന ആവേശകരമായ രണ്ടാം

സെമിഫൈനലിൽ 7 റൺസിനാണ് ടീം ഇന്ത്യയുടെ വിജയം. ഉജ്വല ബാറ്റിങ് തുടർന്ന സഞ്ജു സാംസൺ കളിയിലെ താരമായി.
**ആകാശവാണി പ്രതിനിധി സുരേഷ്ബാബു തയ്യാറാക്കിയ റിപ്പോർട്ട്...**
**(വോയ്സ്...)**

*************************************

## PM-AGRI WEBINAR

'കൃഷിയും ഗ്രാമീണ പരിവർത്തനവും' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ബജറ്റാനന്തര വെബിനാറിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഓൺലൈനായി അഭിസംബോധന ചെയ്യും. കൃഷി, മൃഗസംരക്ഷണം, ക്ഷീരോൽപ്പാദനം, മത്സ്യബന്ധനം, ഗ്രാമീണ ഉപജീവനമാർഗം എന്നീ നാല് പ്രധാന മേഖലകളെ ഉൾപ്പെടുത്തി എട്ട് വെബിനാർ സെഷനുകളാണ് നടക്കുന്നത്.

*************************************

## WB-SIR

പശ്ചിമ ബംഗാളിൽ SIR പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി അയൽ സംസ്ഥാനങ്ങളായ ഒഡീഷ, ജാർഖണ്ഡ് എന്നിവിടങ്ങളിൽ നിന്നുള്ള 200 ജഡ്ജിമാരെ കൂടി നിയമിക്കും. ഇതുവരെ പരിഹരിക്കപ്പെടാത്ത ഏകദേശം 60 ലക്ഷം കേസുകൾ ജഡ്ജിമാരുടെ സംഘം പരിശോധിക്കും. നിലവിൽ 550 ജഡ്ജിമാരാണ് പശ്ചിമബംഗാളിൽ SIR പരാതികൾ പരിശോധിച്ച് വരുന്നത്.

*************************************

## KERALA SIR

കേരളത്തിൽ, ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്പ് വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള

അവസാന തീയതി വരെയാണ് പേര് ചേർക്കാൻ അവസരമുള്ളത്.

****************************************

## CHIEF ELECTION COMMISSIONER

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള ഒരുക്കങ്ങൾ വിലയിരുത്താനുള്ള മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിൻറെ കേരള സന്ദർശനം തുടരുന്നു. തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ എസ്.എസ് സന്ധു, വിവേക് ജോഷി എന്നിവർ അദ്ദേഹത്തിന് ഒപ്പമുണ്ട്. മൂന്ന് ദിവസത്തെ സന്ദർശനത്തിനിടെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ, ബൂത്ത് ലെവൽ ഓഫീസർമാർ എന്നിവരുമായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ചർച്ചകൾ നടത്തും.

****************************************

## CM-KERALA

കേരളത്തിന്റെ സ്വപ്ന പദ്ധതികളിലൊന്നായ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ ഫസ്റ്റ് ബ്ലാസ്റ്റിൻറെ സ്വിച്ച് ഓൺ ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. രാവിലെ 11ന് മറിപ്പുഴ പദ്ധതി പ്രദേശത്താണ് ചടങ്ങ്. ബ്ലാസ്റ്റിനോടനുബന്ധിച്ച് സുരക്ഷാ ക്രമീകരണങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

****************************************

## VB G RAM G- CAMPAIGN

കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 'മൈ ഭാരത്' സംരംഭവുമായി ചേർന്ന് സംഘടിപ്പിക്കുന്ന 'വി ബി ജി റാം ജി യുവ ഡിജിറ്റൽ കാമ്പയിന് ഇന്ന് തുടക്കമാവും. 2025-ലെ വി ബി ജി റാം ജി നിയമത്തെക്കുറിച്ച് വിപുലമായ പൊതുജന അവബോധം ഉറപ്പാക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. യുവജനങ്ങളെ പ്രചാരണ പരിപാടിയുടെ കേന്ദ്രബിന്ദുവാക്കി മാറ്റാനും പ്രശ്നോത്തരി, വീഡിയോ മത്സരങ്ങൾ, സർഗാത്മക മത്സരങ്ങൾ

തുടങ്ങിയ പങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ പ്രചാരണത്തിന്റെ ഭാഗമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

****************************************************************************************************************************

**************************************************************************